(ഡി ആന്റ് ഇ) പിടിച്ചെടുത്ത ഉപയോഗയോഗ്യമായ സ്പിരിറ്റ് ഡിസ്പോസൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി വില്കുകയും അല്ലാത്തവ സർക്കാരിന്റെ അനുമതിയോടുകൂടി നശിപ്പിച്ചുകളയുകയും ചെയ്യുന്നു.

ചാത്തന്നൂരിലെ എക്സൈസ് റേഞ്ച് ആഫീസിന് പുതിയ കെട്ടിടം

70 [353] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇപ്പോൾ ചാത്തന്നൂരിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് റേഞ്ച് ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ആലപ്പുഴയിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം

71 [354] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ഭരണാനുമതി നൽകുവാൻ ആവശ്യമായ രേഖകൾ ലഭിക്കാത്തതുകൊണ്ട് സർക്കാർ ഇക്കാര്യം പരിഗണിച്ചിട്ടില്ല.

(ബി) മേൽപ്പറഞ്ഞ സാഹചര്യത്തിൽ തുക വകയിരുത്തുവാൻ നിർവാഹമില്ല.

കഴക്കൂട്ടം എക്സൈസ് സബ് ഇൻസ്പെക്ടർ ആഫീസിൽ ഫയൽ ചെയ്ത അബ്കാരി കേസ്സുകൾ

72 [355] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly